Cafe Kudumbashree
Thiruvanathapuram

കഫേ കുടുംബശ്രീ തിരുവനന്തപുരം

# കഫേ ബ്രാൻഡിങ്




**എസ്. ഹരികിഷോർ ഐ എ എസ്**

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**


കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾ ആരംഭിക്കുന്ന സംരംഭങ്ങളിൽ ഏറെ ശ്രദ്ധേയമാണ് ഹോട്ടലുകൾ. കഫേ കുടുംബശ്രീ എന്ന ബ്രാൻഡിൽ പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ ഹോട്ടലുകൾ മായം കലരാത്ത, രുചിയുള്ള ഭക്ഷണം നൽകി വരുന്നു. ചെറുതും വലുതുമായി 2546 കഫേ കുടുംബശ്രീ യൂണിറ്റുകളാണ് കേരളത്തിലുടനീളമുള്ളത്. കഫേ കുടുംബശ്രീ യൂണിറ്റുകൾ രണ്ടായിരത്തിലധികമുണ്ടെങ്കിലും ഇവയ്ക്ക് ഇന്ത്യൻ കോഫീ ഹൗസ് പോലെയോ അല്ലെങ്കിൽ മറ്റ് പ്രശസ്തമായ ഹോട്ടൽ ചെയിനുകൾ പോലെയോ ഏകീകൃത ബ്രാൻഡിങ്ങോ മറ്റോ ഇതുവരെയുണ്ടായിരുന്നില്ല.

ഇതിനൊരു മാറ്റം വരുത്താനും ഹോട്ടൽ മേഖലയിലെ ഒരു വലിയ ശൃംഖലയായി കുടുംബശ്രീ ഹോട്ടൽ യൂണിറ്റുക



ളെ പരിണാമപ്പെടുത്തുകയും ലക്ഷ്യമിട്ടാണ് കഫേ ബ്രാൻഡിങ് എന്ന പദ്ധതിക്ക് ഞങ്ങൾ തുടക്കമിട്ടത്. കേരളത്തിലുള്ള കഫേ കുടുംബശ്രീ യൂണിറ്റുകളെ ഒരേ മാതൃകയിൽ കൊണ്ടുവരികയെന്നുള്ളതും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കൃത്യമായ ശുചിത്വ, മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയെന്നതുമാണ് കഫേ ബ്രാൻഡിങ് കൊണ്ട് ഉദ്ദേശിക്കുന്നത്. 2019-20ലാണ് എല്ലാ യൂണിറ്റുകളും ബ്രാൻഡ് ചെയ്യുകയെന്ന ആശയം നടപ്പാക്കിത്തുടങ്ങിയത്.

ആദ്യഘട്ടമെന്ന നിലയിൽ കുടുംബശ്രീ സംരംഭകർ നടത്തുന്ന രണ്ടായിരത്തിലധികം ഹോട്ടലുകളിലെ ഏറ്റവും മികച്ച 150 ഹോട്ടലുകൾ തെരഞ്ഞെടുത്തു. ഈ കഫേ കുടുംബശ്രീ യൂണിറ്റുകൾ വളരെയധികം ജനശ്രദ്ധ ആകർഷിച്ചിട്ടുള്ളതും അതാത് പ്രദേശങ്ങളിലെ ഹോട്ടൽ മേഖലയിൽ സ്വന്തമായ ഇടം സൃഷ്ടിച്ചതുമാണ്. ഈ തെരഞ്ഞെടുക്കപ്പെട്ട കഫേ കുടുംബശ്രീ ഹോട്ടലുകൾ പൊതുവായി പാലിക്കേണ്ട സേവന- പെരുമാറ്റ രീതികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഞങ്ങൾ തയാറാക്കി നൽകി. കൂടാതെ ബോർഡിലും വിലവിവരപ്പട്ടികയിലുമൊക്കെ നൽകേണ്ട കഫേ കുടുംബശ്രീ ബ്രാൻഡ് ഡിസൈനും പങ്കുവച്ചു. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനാണ് ഈ ഡിസൈനുകൾ തയാറാക്കി നൽകിയത്. നിലവിൽ കേരളത്തിലെ 82 ഹോട്ടലുകൾ ബ്രാൻഡിങ് നടപ്പാക്കി കഴിഞ്ഞു. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 150 ഹോട്ടലുകളിൽ ശേഷിച്ചവയിൽ 2020 മാർച്ച് 30നകം ബ്രാൻഡിങ്ങിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പൂർത്തിയാകും.

അടുത്തഘട്ടമായി ആദ്യഘട്ടത്തിൽ ഉൾപ്പെടാത്ത ഹോട്ടലുകളിൽ ഏറ്റവും മികച്ചവയെ തെരഞ്ഞെടുക്കുകയും ഈ സംരംഭകർക്ക് പരിശീലനവും സ്ഥാപനം മെച്ചപ്പെടുത്താനുള്ള വഴികളും കണ്ടെത്തി നൽകിക്കൊണ്ട് ഈ ഹോട്ടലുകളെയും ബ്രാൻഡിങ് നടപടികളുടെ ഭാഗമാക്കും. ഒരു വർഷം കൂടി പൂർത്തിയായിക്കഴിയുമ്പോൾ കഫേ കുടുംബശ്രീ ഹോട്ടലുകൾ മറ്റ് ബ്രാൻഡഡ് ഹോട്ടൽ ചെയിനുകൾ പോലെ ഒരേരീതിയിലുള്ള സേവനങ്ങൾ നൽകി ഏവരുടേയും ശ്രദ്ധ ആകർഷിക്കുന്ന വിശ്വസനീയമായ ഇടങ്ങളായി മാറുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.